പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1245

15.06.2012 ൽ മറുപടിയ്ക്ക്

## വി.എം.ജി.എസ്.വൈ റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് പി.എം.ജി.എസ്.വൈ. റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കരാറുകാർ താല്പര്യം കാണിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; | ബി. ഉണ്ട്. ചില ഇനങ്ങൾക്ക് പി.ഡബ്ല്യൂ.ഡി നിരക്കിനെക്കാൾ കുറഞ്ഞ നിരക്കാണ് പി.എം.ജി.എസ്.വൈ. പ്രവർത്തികൾക്കുള്ളത്. കൂടാതെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന മറ്റ് നിർമ്മാണ പ്രവർത്തികളെ അപേക്ഷിച്ച് കർശന ഗുണനിലവാര പരിശോധനയും നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം 5 വർഷത്തെ ഗ്യാരന്റി നൽകണം എന്ന വ്യവസ്ഥയും നിലവിലുണ്ട്. ഈ കാരണത്താൽ കരാറുകാർ പി.എം.ജി.എസ്.വൈ. പ്രവർത്തികൾ ഏറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നു. |
| സി. നിലവിൽ പ്രസ്തുത റോഡുകൾക്ക് അധിക നിരക്ക് കരാറുകാർക്ക് നൽകുന്നുണ്ടോ ; എങ്കിൽ എത്ര തുകയാണ് നൽകുന്നത് ; | സി. അധിക നിരക്ക് നൽകുന്നുണ്ട്. 2010 ഷെഡ്യൂൾ നിരക്ക് പ്രകാരം ടെണ്ടർ ചെയ്യുന്ന പ്രവർത്തികൾക്ക് 25 ശതമാനം വരെ ടെണ്ടർ പ്രീമിയം സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| ഡി. പി.ഡബ്ല്യൂ.ഡി. വകുപ്പിൽ റോഡുകൾക്ക് നൽകുന്ന അധിക നിരക്ക് കരാറുകാർക്ക് നൽകുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ? | ഡി. പി.ഡബ്ല്യൂ.ഡി നൽകുന്ന അധിക നിരക്ക് നൽകാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ